# Telephonic Conversation between PM and Amir of the State of Qatar

March 26, 2020

## ഖത്തർ അമീറും പ്രധാനമന്ത്രിയുമായി നടത്തിയ ടെലിഫോൺ സംഭാഷണം

മാർച്ച് 26 , 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഖത്തർ അമിറായ ഷെയ്ഖ് തമീം ബിൻ ഹമദ് അൽ താനിയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

കോവിഡ്-19 പകർച്ചവ്യാധിയെയും അതിന്റെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെയും കുറിച്ച് നടന്നു കൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെ അടിസ്ഥാനമാക്കി ഇരു നേതാക്കളും ചർച്ച ചെയ്തു. വൈറസ് വ്യാപനം തടയാൻ തങ്ങളുടെ രാജ്യത്ത് സ്വീകരിച്ചിരിക്കുന്ന സുരക്ഷ നടപടികളെക്കുറിച്ചുള്ള ഇവർ വിവരങ്ങൾ കൈമാറി. SAARC രാജ്യങ്ങൾ പ്രാദേശികമായി തുടങ്ങിയ സംരഭങ്ങളെക്കുറിച്ചും G-20 നേതാക്കൾ പങ്കെടുത്ത വിർച്വൽ ഉച്ചകോടിയെക്കുറിച്ചും പ്രധാനമന്ത്രി അമീറിനെ അറിയിച്ചു.

രോഗവ്യാപനം തടയുന്നതിനായി എല്ലാ രാജ്യങ്ങളും സ്വീകരിക്കുന്ന നടപടികളും ഏറ്റവും നേരത്തെ തന്നെ അനുകൂലമായ ഫലങ്ങൾ നല്കട്ടെയെന്നു രണ്ടു നേതാക്കളും പ്രത്യാശ പ്രകടിപ്പിച്ചു.പകർച്ചവ്യാധി തടയുന്നതിന് അന്താരാഷ്ട്ര ഐക്യവും വിവരങ്ങൾ പങ്കുവയ്ക്കുന്നതും പ്രധാനമാണെന്ന് അവർ വ്യക്തമാക്കി.

നിലവിലെ സാഹചര്യത്തിൽ ഖത്തറിൽ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന ഇന്ത്യക്കാരുടെ ക്ഷേമത്തിനായി വ്യക്തിഗതമായ ശ്രദ്ധ ചെലുത്തുന്നതിൽ പ്രധാന മന്ത്രി ഷെയ്ഖ് തമീം ബിൻ ഹമദ് അൽ താനിയ്ക്ക് നന്ദി പറഞ്ഞു. ഖത്തറിലെ ഇന്ത്യൻ പ്രവാസികളുടെ ക്ഷേമവും സുരക്ഷയും ആമിർ ഉറപ്പു നൽകുകയും ചെയ്തു.

നിലവിലെ സാഹചര്യത്തിൽ തുടർച്ചയായ സമ്പർക്കവും കൂടിയാലോചനകളും നിലനിർത്തുമെന്ന് ഇരു കൂട്ടരും സമ്മതിച്ചു.

ന്യൂ ഡൽഹി
26 മാർച്ച്, 2020

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.